ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ കുന്നുമ്മേൽ, മേലാടി, തൂണേരി എന്നീ ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം ഉണ്ട്. കൂടാതെ കോഴിക്കോട് അർബൻ-2 ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസ് സിവിൽ സ്റ്റേഷനിലും, വടകര ഐ.സി.ഡി.എസ് ഓഫീസ് ബ്ലോക്ക് പഞ്ചായത്തിന്റെ കെട്ടിടത്തിലും വാടക ഇല്ലാതെ പ്രവർത്തിച്ചുവരുന്നു.

(ബി) ബാലുശ്ശേരി ഐ.സി.ഡി.എസ് പ്രോജക്ട് ഓഫീസ് കെട്ടിടത്തിന്റെ പണി പൂർത്തിയായിട്ടുണ്ട്. ഇതിനായി 4 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) വേൾഡ് ഫുഡ് പ്രോഗ്രാം പദ്ധതി പ്രകാരം 2.5 ലക്ഷം രൂപയും ജില്ലാ പഞ്ചായത്തിൽ നിന്നും 1.5 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ഡി) ഓഫീസ് കെട്ടിടം പണിയുന്നതിനായി പ്രത്യേക സാമ്പത്തിക സഹായമൊന്നും സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും ആവശ്യപ്പെട്ടിട്ടില്ല. എന്നാൽ ഓഫീസ് കെട്ടിടത്തിന്റെ ഒന്നാം നിലയിൽ ഒരു കോൺഫറൻസ് ഹാൾ-കം-മാർക്കറ്റിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി 11 ലക്ഷം രൂപയുടെ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ ആറ് ലക്ഷം രൂപ സ്വയംസിദ്ധ ഫണ്ടിൽ നിന്നും ആവശ്യപ്പെട്ടുകൊണ്ട് ലഭിച്ച പ്രൊപ്പോസൽ സാമൂഹ്യക്ഷേമ ഡയറക്ടർ പരിശോധിച്ചുവരുന്നു.

കോഴിക്കോട് നഗരത്തിൽ പുതിയ അംഗൻവാടികൾ

32 [2069] ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് നഗരത്തിൽ പുതിയ അംഗൻവാടികൾ തുടങ്ങാനുള്ള എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) പുതിയ അംഗൻവാടികൾ തുടങ്ങാനുള്ള നിർദ്ദേശം ഉണ്ടെങ്കിൽ എന്ന് തുടങ്ങാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ) കോഴിക്കോട് അർബൻ-1 ഐ.സി.ഡി.എസിൽ കോഴിക്കോട് കോർപ്പറേഷൻ 1-2 വാർഡുകളിലായി സ്ഥിതിചെയ്യുന്ന ശാന്തിനഗർ കോളനിയിൽ (ബംഗ്ലാദേശ് കോളനി) പുതുതായി ഒരു അംഗൻവാടി തുടങ്ങുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ട്.

(ബി) പുതുതായി അംഗൻവാടികൾ ആരംഭിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽനിന്നും അനുവാദം ലഭിക്കുന്ന മുറയ്ക്ക് അവ തുടങ്ങുന്നതാണ്.

GCPT. 2/2317/2013/TP.

LIBRARY ARCHIVES Kerala Legislative Assembly